വിദ്യാർഥികൾക്കും അധ്യാപകർക്കുമായി എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന ഊർജ സംരക്ഷണ അവബോധ പരിപാടിയായ ഉണർവ് രണ്ടാം ഘട്ടം പരിപാടിയിൽ വിദ്യാർഥികൾ ശ്രീകാര്യത്തെ എനർജി മാനേജ്മെന്റ് സെന്ററിൽ ഇലക്ട്രിക് സൈക്കിളുകൾ പരിചയപ്പെടുന്നു

എനർജി മാനേജ്മെന്റ് സെന്റർ ഉണർവ് രണ്ടാംഘട്ട പരിപാടി സംഘടിപ്പിച്ചു

ശ്രീകാര്യം● വിദ്യാർഥികൾക്കും അധ്യാപകർക്കുമായി എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന ഊർജ സംരക്ഷണ അവബോധ പരിപാടിയായ ഉണർവ് രണ്ടാം ഘട്ടം പരിപാടി ശ്രീകാര്യത്തെ എനർജി മാനേജ്മെന്റ് സെന്ററിൽ വച്ച് നടന്നു.

വിദ്യാർഥികൾ എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്ന പരിപാടിയാണ് ഉണർവ്. വിവിധ സ്കൂളുകളിൽ നിന്നും 260 വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

വിദ്യാർഥികൾ ഇഎംസി ലാബ് സന്ദർശിക്കുകയും ഇലക്ട്രിക് സൈക്കിളുകൾ പരിചയപ്പെടുകയും ചെയ്തു.

മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി പരിപാടിയിൽ പങ്കെടുത്തു.

ഇഎംസി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി മീഡിയ അഡ്വൈസർ ചന്ദ്രശേഖര റെഡ്ഡി, ഇഎംസി. റജിസ്ട്രാർ സുഭാഷ് ബാബു, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫിസർ സിന്ധു എസ് കുമാർ എന്നിവർ പങ്കെടുത്തു.

പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ 64 സ്കൂളുകളിൽ നിന്ന് 4400 പേർ ഇഎംസി സന്ദർശിച്ചിരുന്നു.